REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 05-10-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **ഏഴിനും, 15 നുമിടയിൽ പ്രായമായ കുട്ടികളുടെ ആധാർ ബയോമെട്രിക് അപ്ഡേറ്റുകൾക്ക് പുതുക്കൽ ചാർജ് ഒഴിവാക്കി.**
- **കൈത്തറി- കരകൗശല ഉത്പന്നങ്ങളുടെയും, തുണിത്തരങ്ങളുടെയും ആഭ്യന്തര ആവശ്യകത വർദ്ധിപ്പിക്കാൻ ടെക്സ്റ്റയിൽസ് മന്ത്രാലയം സ്വദേശി ക്യാമ്പയിൻ സംഘടിപ്പിക്കും.**
- **ഇന്ന് ലോക അധ്യാപക ദിനം.**
- **അന്തരിച്ച മാധ്യമ പ്രവർത്തകൻ T J S ജോർജിന്റെ സംസ്കാരം ഉച്ചകഴിഞ്ഞ് ബംഗലൂരുവിലെ ഹെബ്ബാൾ ശ്മശാനത്തിൽ.**
- **ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.**

## വാർത്തകൾ വിശദമായി

ഏഴിനും, 15 നുമിടയിൽ പ്രായമായ കുട്ടികളുടെ ആധാർ ബയോമെട്രിക് അപ്ഡേറ്റുകൾക്ക് പൂർണമായി പുതുക്കൽ ചാർജ് ഒഴിവാക്കി. ഒക്ടോബർ ഒന്ന് മുതൽ ഒരു വർഷത്തേക്കാണ് യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഇളവ് ഏർപ്പെടുത്തിയതെന്ന് ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം അറിയിച്ചു. രാജ്യത്തെ ആറ് കോടിയോളം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. അഞ്ചിനും, ഏഴിനും ഇടയിൽ പ്രായക്കാരുടെയും, 15 നും, 17 നും ഇടയിൽ പ്രായക്കാരുടെയും ആദ്യ രണ്ട്

ആധാർ അപ്ഡേറ്റുകൾ സൗജന്യമാണ്. തുടർന്ന് ഓരോ അപ്ഡേറ്റിനും 125 രൂപ നിരക്ക് ഈടാക്കും.

✪✪✪

കൈത്തറി- കരകൗശല ഉത്പന്നങ്ങളുടെയും, തുണിത്തരങ്ങളുടെയും ആഭ്യന്തര ആവശ്യകത വർദ്ധിപ്പിക്കാൻ ടെക്സ്റ്റയിൽസ് മന്ത്രാലയം സ്വദേശി ക്യാമ്പയിനിന് അടുത്ത ആറ് മുതൽ ഒൻപത് മാസം വരെ പ്രചാരണ പരിപാടി സംഘടിപ്പിക്കും. പുതുതലമുറയിൽ തദ്ദേശീയ വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കാനും, ഫാഷന്റെയും, അഭിമാനത്തിന്റെയും ചിഹ്നമായി അതിനെ മാറ്റിയെടുക്കാനും ലക്ഷ്യമിട്ടാണ് ക്യാമ്പയിൻ.

ഉത്പാദകരെയും, സൂക്ഷ്മ-ചെറുകിട- ഇടത്തര സംരംഭങ്ങളെ ശാക്തീകരിച്ച് വിപണി ലഭ്യതയും, വരുമാനവും ശക്തിപ്പെടുത്താനും, ആത്മനിർഭർ ഭാരത് ആശയങ്ങളുമായി ചേർത്തുനിർത്തി വികസനം സാധ്യമാക്കാനും കാമ്പയിൻ സഹായിക്കും. യൂണിഫോമുകളിലും, ഫർണിഷിംഗിലും ഇന്ത്യൻ നിർമ്മിത തുണിത്തരങ്ങൾ ഉപയോഗിക്കാൻ മന്ത്രാലയങ്ങളെയും, പൊതുമേഖലാ സ്ഥാപനങ്ങളെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളെയും കാമ്പയിനിൽ പ്രോത്സാഹിപ്പിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി കഴിഞ്ഞമാസം 22 ന് പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണത്തിന്റെ ഭാഗമായ ലാഭോത്സവം സമൂഹത്തിലെല്ലാവർക്കും ഗുണകരമായി മാറിക്കഴിഞ്ഞു. സാധനങ്ങൾക്കും സേവനങ്ങൾക്കും നികുതി നിരക്ക് കുറച്ചതിലൂടെ ജനങ്ങൾക്ക് ഗണ്യമായ ആശ്വാസമാണ് ലഭിക്കുന്നത്. വസ്ത്ര നിർമ്മാണ മേഖലയിൽ GST-യിൽ ഉണ്ടായ കുറവിനെ കുറിച്ച് ഒരു റിപ്പോർട്ട്...

........(വോയ്സ്).........

വരും തലമുറ GST പരിഷ്കരണത്തിൽ മനുഷ്യനിർമ്മിത നാരുകളുടെ നികുതി 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായും, മനുഷ്യനിർമ്മിത നൂലുകളുടെ നികുതി 12 ൽ നിന്ന് 5 ശതമാനമായും കുറച്ചു. ഇതോടൊപ്പം 2,500 രൂപ വരെ വില വരുന്ന റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നികുതി 5 ശതമാനമായി കുറയ്ക്കുകയും ചെയ്തു. വസ്ത്ര നിർമ്മാണ മേഖലയിലെ ഈ ഗണ്യമായ കുറവ് ഉല്പാദന ചെലവ് കുറയ്ക്കുകയും ഡിമാൻഡ് വർദ്ധിപ്പിക്കുകയും, കയറ്റുമതി പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. മധ്യവർഗത്തിനും താഴ്ന്ന വരുമാനക്കാർക്കും, ഇന്ത്യൻ വസ്ത്രങ്ങൾ താങ്ങാവുന്ന വിലയിൽ ലഭ്യമാക്കും. തീരുമാനം അന്താരാഷ്ട്ര വിപണികളിൽ

കയറ്റുമതി മത്സരക്ഷമത വർദ്ധിപ്പിക്കുകയും ആഗോള ടെക്സ്റ്റൈൽ ഹബ്ബായി മാറുകയെന്ന ഇന്ത്യയുടെ അഭിലാഷം സാദ്ധ്യമാക്കുകയും ചെയ്യും.

✪✪✪

ലഡാക്കിൽ 19,400 അടി ഉയരത്തിൽ ഗതാഗത യോഗ്യമായ റോഡ് നിർമ്മിച്ച് ബോർഡർ റോഡ്സ് ഓർഗനൈസേഷൻ പുതിയ ഗിന്നസ് ലോകറെക്കോർഡിട്ടു. മിഗ്-ലാ പാസിൽ അതിർത്തിയിലെ ഫൂക്കെ ഗ്രാമത്തിനു സമീപം നിർമ്മിച്ച റോഡിന് തന്ത്രപരമായ പ്രാധാന്യമുണ്ട്. നേരത്തെ ഉമ്‌ലിങ് ലാ-യിൽ 19,024 അടി ഉയരത്തിൽ റോഡ് നിർമ്മിച്ചാണ് BRO ആദ്യ ഗിന്നസ് റെക്കോർഡിട്ടത്.

✪✪✪

ഇന്ന് ലോക അധ്യാപക ദിനം. അധ്യാപകരുടെ പ്രാധാന്യവും, സാഹചര്യങ്ങളും സംബന്ധിച്ച ബോധവത്ക്കരണത്തിനാണ് 1994 ൽ ഒക്ടോബർ 5 ലോക അധ്യാപകദിനമായി യുനെസ്കോ അംഗീകരിച്ചത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

“അധ്യാപനത്തെ സഹകരണ തൊഴിലായി പുനർനിർമ്മിക്കുന്നു” എന്നതാണ് ഈ വർഷത്തെ അധ്യാപകദിന സന്ദേശം. ലോക അധ്യാപക ദിനത്തിൽ ഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഫിറ്റ് ഇന്ത്യ- സൺഡേയ്സ് ഓൺ സൈക്കിൾ’ പ്രത്യേക പതിപ്പിൽ കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ മുഖ്യാതിഥിയായി പങ്കെടുക്കും. ഇന്നത്തെ ഫിറ്റ് ഇന്ത്യാ പരിപാടി രാഷ്ട്രത്തെ രൂപപ്പെടുത്തുന്ന ഗുരുക്കൻമാരെ ആദരിക്കാൻ ലഭിച്ച അവസരമായി കാണണമെന്ന് കേന്ദ്രമന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

ലഡാക്കിൽ 19,400 അടി ഉയരത്തിൽ ഗതാഗത യോഗ്യമായ റോഡ് നിർമ്മിച്ച് ബോർഡർ റോഡ്സ് ഓർഗനൈസേഷൻ പുതിയ ഗിന്നസ് ലോകറെക്കോർഡിട്ടു. മിഗ്-ലാ പാസിൽ അതിർത്തിയിലെ ഫൂക്കെ ഗ്രാമത്തിനു സമീപം നിർമ്മിച്ച റോഡിന് തന്ത്രപരമായ പ്രാധാന്യമുണ്ട്. നേരത്തെ ഉമ്‌ലിങ് ലാ-യിൽ 19,024 അടി ഉയരത്തിൽ റോഡ് നിർമ്മിച്ചാണ് BRO ആദ്യ ഗിന്നസ് റെക്കോർഡിട്ടത്.

✪✪✪

ഇന്ന് ലോക അധ്യാപക ദിനം. അധ്യാപകരുടെ പ്രാധാന്യവും, സാഹചര്യങ്ങളും സംബന്ധിച്ച ബോധവത്ക്കരണത്തിനാണ് 1994 ൽ ഒക്ടോബർ 5 ലോക അധ്യാപകദിനമായി യുനെസ്കോ അംഗീകരിച്ചത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

"അധ്യാപനത്തെ സഹകരണ തൊഴിലായി പുനർനിർമ്മിക്കുന്നു" എന്നതാണ് ഈ വർഷത്തെ അധ്യാപകദിന സന്ദേശം. ലോക അധ്യാപക ദിനത്തിൽ ഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഫിറ്റ് ഇന്ത്യ- സൺഡേയ്സ് ഓൺ സൈക്കിൾ' പ്രത്യേക പതിപ്പിൽ കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ മുഖ്യാതിഥിയായി പങ്കെടുക്കും. ഇന്നത്തെ ഫിറ്റ് ഇന്ത്യാ പരിപാടി രാഷ്ട്രത്തെ രൂപപ്പെടുത്തുന്ന ഗുരുക്കൻമാരെ ആദരിക്കാൻ ലഭിച്ച അവസരമായി കാണണമെന്ന് കേന്ദ്രമന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

ഈ മാസം മൂന്നിന് ഗവൺമെന്റ് വകുപ്പുകളും, സ്ഥാപനങ്ങളും പുറത്തിറക്കിയ സ്ഥലംമാറ്റ ഉത്തരവുകൾ നടപ്പാക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. അന്നും, അതിനു മുൻപും ഇറക്കിയ സ്ഥലംമാറ്റ ഉത്തരവുകൾ അടിയന്തരമായി നടപ്പാക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. തദ്ദേശ തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുന്നതുവരെ സ്ഥലംമാറ്റം പാടില്ലെന്ന് ഒക്ടോബർ മൂന്നിന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു.

✪✪✪

വിഖ്യാത ചിത്രകാരൻ A രാമചന്ദ്രന്റെ ചിത്രങ്ങളുടേയും ശിൽപ്പങ്ങളുടേയും മ്യൂസിയം, കൊല്ലത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ആശ്രാമം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ ലളിതകലാ അക്കാദമിയാണ് ആധുനിക ശൈലിയിൽ മ്യൂസിയം സജ്ജമാക്കിയത്.

✪✪✪

വെള്ളിയാഴ്ച അന്തരിച്ച മുതിർന്ന മാധ്യമ പ്രവർത്തകനും, എഴുത്തുകാരനുമായ T J S ജോർജിന്റെ സംസ്കാരം ഇന്ന്. ബംഗലൂരുവിലെ ഹെബ്ബാൾ ശ്മശാനത്തിലാണ് കർണാടക ഗവണ്മെന്റിന്റെ ഔദ്യോഗിക ബഹുമതികളോടെ സംസ്കാര ചടങ്ങുകൾ. ഉച്ചയ്ക്ക് 1.30 മുതൽ 2.30 വരെ ഹെബ്ബാൾ ശ്മശാനത്തിൽ ഭൗതികശരീരം പൊതുദർശനത്തിനു വെയ്ക്കും. തുടർന്നായിരിക്കും സംസ്കാരം.

✪✪✪

ഹിന്ദുമതത്തിലെ തൊട്ടുകൂടായ്മയെ നിരന്തരം എതിർത്തത് മഹാത്മാഗാന്ധി മാത്രമാണെന്നും, കോൺഗ്രസിലെ മറ്റ് നേതാക്കളോ, മറ്റ് പാർട്ടികളോ ഇതേപ്പറ്റി ഒന്നും പറഞ്ഞിട്ടില്ലെന്നും ചരിത്രകാരൻ രാമചന്ദ്രഗുഹ പറഞ്ഞു. വടകരയിൽ ഗാന്ധിഫെസ്റ്റിലെ അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു രാമചന്ദ്രഗുഹ. ഗാന്ധിഫെസ്റ്റ് നാളെ സമാപിക്കും.

✪✪✪

മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ആരംഭിച്ച തീവ്രയജ്ഞ പരിപാടിയുടെ രണ്ടാം ഘട്ടം ഇന്ന് അവസാനിക്കും. കണ്ണൂർ ജില്ലയിൽ ഇതുവരെ ലഭിച്ച പരാതികളിൽ 290 എണ്ണം തീർപ്പാക്കി.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

....(VOICE)............

✪✪✪

ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻസമയം ഉച്ചകഴിഞ്ഞ് മൂന്നിന് മത്സരം ആരംഭിക്കും. ടൂർണമെന്റിലെ ആദ്യമത്സരത്തിൽ ഇന്ത്യ, ശ്രീലങ്കയെ തോൽപ്പിച്ചിരുന്നു.

ഇന്നലെ മഴയെത്തുടർന്ന് ശ്രീലങ്ക- ഓസ്ട്രേലിയ മത്സരം ഉപേക്ഷിച്ചിരുന്നു.

✪✪✪

2025 ലെ ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ ഇന്ന് ന്യൂഡൽഹിയിൽ സമാപിക്കും. ഇന്നലെ ഇന്ത്യ മൂന്ന് മെഡലുകൾ നേടി. ഇതോടെ, ആറ് സ്വർണ്ണവും ഏഴ് വെള്ളിയും അഞ്ച് വെങ്കലവും ഉൾപ്പെടെ രാജ്യത്തിന്റെ ആകെ മെഡലുകളുടെ എണ്ണം 18 ആയി.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോളിന്റെ രണ്ടാം സീസണിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസും, കണ്ണൂർ വാരിയേഴ്സ് FC യും ഏറ്റുമുട്ടും. വൈകിട്ട് ഏഴരയ്ക്ക് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ഹൈന്ദവ വിശ്വാസത്തോടും, അയ്യപ്പഭക്തരോടും CPIM പൊറുക്കാനാവാത്ത വഞ്ചനയാണ് നടത്തിയതെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ

കുറ്റപ്പെടുത്തി. സ്ത്രീപ്രവേശനത്തിലൂടെ ശബരിമലയുടെ സംസ്കാരം തകർക്കാൻ ശ്രമിച്ച അവർ, പ്രതിഷേധിച്ച അയ്യപ്പഭക്തരെ അറസ്റ്റ് ചെയ്തു. ഇപ്പോൾ ജനങ്ങളെ കബളിപ്പിക്കാൻ അവർ തന്നെ അയ്യപ്പസംഗമവും സംഘടിപ്പിച്ചെന്ന് അദ്ദേഹം പ്രസ്താവനയിൽ ആരോപിച്ചു.

✪✪✪

ഇടതു മുന്നണി ഗവൺമെന്റിന്റെ ഭരണം കേരളത്തെ ദരിദ്രമാക്കുകയും, CPIM നെയും, പാർട്ടി നേതൃത്വത്തെയും സമ്പന്നമാക്കുകയും ചെയ്തതായി BJP സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് ആന്റണി ആരോപിച്ചു.കേരളത്തിൽ വികസനമുണ്ടായത് കടത്തിനു മാത്രമാണെന്നും, ഇപ്പോൾ സംസ്ഥാനത്തിന്റെ കടബാധ്യത അഞ്ച് ലക്ഷം കോടി രൂപ കവിഞ്ഞതായും അദ്ദേഹം പറഞ്ഞു. മലപ്പുറം സെൻട്രൽ ജില്ലാ കമ്മറ്റിയുടെ സമ്പൂർണ്ണ യോഗം മലപ്പുറത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അനൂപ് ആന്റണി.

✪✪✪

ശബരിമല സ്വർണ്ണപ്പാളി വിവാദം കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് BJP സംസ്ഥാന ജനറൽ സെകട്ടറി ശോഭാ സുരേന്ദ്രൻ ആവശ്യപ്പെട്ടു. ഗവൺമെന്റ് ഭക്തരെ വെല്ലുവിളിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നതെന്ന് അവർ കോഴിക്കോട്ട് പറഞ്ഞു. ആയുഷ്മാൻ ഭാരത് പദ്ധതി സംസ്ഥാനത്ത് എന്തുകൊണ്ടാണ് നടപ്പാക്കാത്തതെന്ന് ആരോഗ്യ മന്ത്രി വ്യക്തമാക്കണമെന്നും ശോഭാസുരേന്ദ്രൻ ആവശ്യപ്പെട്ടു.

നേരത്തെ മഹിളാമോർച്ച കോഴിക്കോട് സിറ്റി ജില്ലാ ശില്പശാല അവർ ഉദ്ഘാടനം ചെയ്തു. നരേന്ദ്രമോദി ഗവൺമെന്റാണ് യഥാർത്ഥ വനിതാശാക്തീകരണം നടപ്പാക്കുന്നതെന്ന് ശോഭാസുരേന്ദ്രൻ പറഞ്ഞു.

✪✪✪

വികസിത കേരളം BJP സൃഷ്ടിക്കുമെന്ന് സംസ്ഥാന വൈസ്പ്രസിഡണ്ട് B. ഗോപാലകൃഷ്ണൻ പറഞ്ഞു. വ്യാവസായിക, കാർഷിക, വിദ്യാഭ്യാസ മേഖലകളിൽ പുതിയതൊന്നും നടപ്പാക്കാതെ, ഇടത് - വലത് ഗവൺമെന്റുകൾ കടം മേടിച്ച് പുറം മോടി ഉണ്ടാക്കാനാണ് ശ്രമിച്ചതെന്ന് അദ്ദേഹം കോഴിക്കോട്ട് കുറ്റപ്പെടുത്തി. BJP കോഴിക്കോട് സിറ്റി സമ്പൂർണ ജില്ലാ സമിതി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗോപാലകൃഷ്ണൻ.

✪✪✪

കാർഷിക വിളകൾക്ക് വില ലഭിക്കാത്ത പ്രശ്നം നേരിടാൻ ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് മന്ത്രി V അബ്ദുറഹിമാൻ പറഞ്ഞു.

മലപ്പുറം ജില്ലയിലെ ഒഴൂർ കൃഷിഭവന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

വനംവകുപ്പിന്റെ എലത്തൂർ നിയോജകമണ്ഡല പരാതി പരിഹാര അദാലത്തിൽ 453 പരാതികൾ തീർപ്പാക്കിയതായി മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. 908 പരാതികളാണ് ആകെ ലഭിച്ചത്.

✪✪✪

കോഴിക്കോട് ജില്ലയിലെ മുക്കം നഗരസഭയെ അതിദാരിദ്ര്യമുക്തമായി പ്രഖ്യപിച്ചു. നഗരസഭാ ചെയർപേഴ്സൺ PT ബാബു ആണ് പ്രഖ്യാപനം നടത്തിയത്.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

മാഹി സെന്റ് തെരേസാ ബസിലിക്കയിൽ വിശുദ്ധ ത്രേസ്യയുടെ തിരുനാളിന് ഇന്ന് കൊടിയേറും. രാവിലെ 11.30- യോടെ റെക്ടർ ഫാ. സെബാസ്റ്റ്യൻ കാരക്കാട്ടിലിന്റെ മുഖ്യ കാർമികത്വത്തിലാണ് കൊടിയേറ്റം. തിരുനാൾ 22 ന് സമാപിക്കും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സബിത കെ*
*DEO: ഷീബ*